**അനുശോചനം**

മി. സ്പീക്കർ: ഇടുക്കി രാജാക്കാട് തേക്കിൻകാനത്ത് ഇന്നലെ (25-3-2013) നടന്ന ബസ്സപകടത്തിൽ തിരുവനന്തപുരം വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിലെ ഏഴു കുട്ടികളും ഒരു സഹായിയും മരിച്ച സംഭവം വളരെ വേദനാജനകമാണ്. ഇനിയും കൂടുതൽ പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലുമാണ്. അതിദാരുണമായ ഈ അപകടം നമ്മുടെ റോഡുകളുടെ അപകട സാധ്യതക ളെപ്പറ്റിയും വാഹനം ഓടിക്കുന്നവരുടെ അശ്രദ്ധയെക്കുറിച്ചും ഓർമ്മിപ്പിക്കുന്നു. ഇത്തരം അപകടങ്ങൾ നമ്മുടെ വിവിധ റോഡുകളിൽ സംഭവിച്ചുകൊിരിക്കുകയുമാണ്. റോഡ് സുരക്ഷയും റോഡു നിർമ്മാണ ത്തിലെ അശാസ്ത്രീയതയും കൃത്യമായ അറ്റകുറ്റപണികളുടെ അഭാവവും വാഹനങ്ങളുടെ അപാകതകളും അത് കൈകാര്യം ചെയ്യുന്നവരുടെ അയോഗ്യതയുമെല്ലാം പരിഗണിക്കേതു്. അതിനായി ജാഗരൂകമായ പ്രവർത്ത നമാണ് വേത്. എല്ലാ വേർപാടുകളും ദു:ഖകരമാണ്. എന്നാൽ ഇത്തരം ദുര ന്തങ്ങൾ ദു:ഖത്തിന്റെ തീവ്രത വർദ്ധിപ്പിക്കും. നമ്മെ വേർപിരിഞ്ഞു പോയവ രുടെ കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും സഹപാഠികളുടെയും അഗാധ ദു:ഖത്തിൽ ഈ സഭയും പങ്കുചേരുന്നു. ആശുപത്രികളിൽ ചികിത്സ യിലുള്ളവർ എത്രയുംവേഗം സുഖം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റു നിന്നു മൗനം ആചരിച്ചു.)

**അടിയന്തര പ്രമേയം**

**ഇടുക്കി ജില്ലയിലെ ബസ്സപകടം**

മി. സ്പീക്കർ: തിരുവനന്തപുരത്തെ സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിൽ നിന്നും വിനോദയാത്രയ്ക്ക് പോയ വിദ്യാർത്ഥികൾ സഞ്ചരിച്ച ബസ്സ് ഇടുക്കി ജില്ലയിലെ തേക്കിൻകാനത്തുവച്ച് അപകടത്തിൽപ്പെടുകയും 8 പേർ മരണപ്പെടുകയും ചെയ്തു. സൈൻ ബോർഡുകൾ പോലുമില്ലാത്ത സമാന്തരപാതയിലുണ്ടായ ദുരന്തത്തെ ത്തുടർന്ന് വിദ്യാർത്ഥികളും കുടുംബങ്ങളും, ജനങ്ങളാകെയും കനത്ത ആഘാതത്തിലും ആശങ്കയിലുമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. കെ. ജയചന്ദ്രൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ വേദനാജനകമായ ഒരു സംഭവമാണ് ഇന്നലെ രാജാക്കാടുണ്ടായ ബസ്സപകടം. മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് ഈ അടിയന്തര പ്രമേയത്തെക്കുറിച്ചുള്ള ചർച്ച ഇവിടെ നടക്കുന്നത്. തിരുവനന്തപുരത്തെ സ്വകാര്യ സ്വാശ്രയ സ്ഥാപനമായ വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി കോളേജിലെ 39 വിദ്യാർത്ഥികളുൾപ്പെടെ 43 പേർ സഞ്ചരിച്ച ടൂറിസ്റ്റ് ബസ്സ് ഇടുക്കി രാജാക്കാടിന് സമീപം തേക്കിൻകാനത്തുള്ള വളവിൽ നിയന്ത്രണം വിട്ട് നൂറടിയിലധികം താഴേയ്ക്ക് തലകീഴായി മറിഞ്ഞ്, ഒരു

പെൺകുട്ടിയും ആറ് ആൺകുട്ടികളും ഒരു ക്ലീനറും ഉൾപ്പെടെ 8 പേർ മരണപ്പെട്ടു. 12 പേർക്ക് സാരമായ പരിക്ക് പറ്റിയിട്ടുണ്ട്. ഇവർ കൊടൈക്ക നാലിൽ പോയി മടങ്ങി വരുന്ന വഴിയ്ക്കാണ് ഈ അപകടം ഉണ്ടാകുന്നത്. ആകെ 35 പേർക്കാണ് പരിക്ക് പറ്റിയിരിക്കുന്നത്. അപകടം ഉണ്ടായ ഉടനെ തന്നെ ആ സ്ഥലത്തിന് തൊട്ടടുത്തുള്ള രാജാക്കാട് പോലീസ് സ്റ്റേഷനിലെ പോലീസുകാർ അപകടസ്ഥലത്തെത്തി. നാട്ടുകാരും പോലീസും ചേർന്ന് അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാനുള്ള ശ്രമം നടത്തി. അടിയന്തരമായി ജെ.സി.ബി. കൊണ്ടു വന്ന് മറിഞ്ഞ വാഹനം ഉയർത്തി. ഇതിനടിയിൽ അടു ത്തുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിൽ നിന്നും കൂടുതൽ പോലീസുകാരും ഓഫീസർമാരും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. അടിമാലി താലൂക്കാശുപത്രിയിലേയ്ക്ക് കൂടുതൽ ഡോക്ടർമാരെ അടിയന്തരമായി അയയ്ക്കുന്നതിന് ഡി.എം.ഒ.യ്ക്ക് അറിയിപ്പ് നൽകി. അടിമാലിയിൽ എത്തുന്ന ഗുരുതരമായള്ള കേസ്സുകൾ കൂടുതൽ സൗകര്യമുള്ള ആശുപത്രി കളിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി ആംബുലൻസടക്കമുള്ള മറ്റെല്ലാ സൗകര്യ ങ്ങളുമെത്തിച്ചു കൊടുത്തു. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ ഉദേ ്യാഗസ്ഥരും സ്ഥലത്തെത്തി ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്തു. ഈ വിവരം അറിഞ്ഞ ഉടനെതന്നെ ആരോഗ്യ വകുപ്പുമന്ത്രി സംഭവസ്ഥല ത്തേയ്ക്ക് പുറപ്പെട്ടു. മരണപ്പെട്ട ഒരു പെൺകുട്ടി ഉൾപ്പെടെ ഏഴ് വിദ്യാർത്ഥി കളുടെയും ബസ്സിന്റെ ക്ലീനറിന്റെയും മൃതശരീരങ്ങൾ പോസ്റ്റുമാർട്ടം നടത്തി ഇന്നലെത്തന്നെ ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. പരിക്കേറ്റ മറ്റ് വിദ്യാർത്ഥി കൾ കോലഞ്ചേരി മെഡിക്കൽ കോളേജിലും എറണാകുളം മെഡിക്കൽ ട്രസ്റ്റിലും തൊടുപുഴ ചാഴിക്കാട് ഹോസ്പ്പിറ്റലിലും തിരുവനന്തപുരം പി.ആർ.

എസ്., ഫോർട്ട് ഹോസ്പ്പിറ്റലുകളിലും ചികിത്സയിലാണ്. അവിടെ പരിക്ക് പറ്റിയ മറ്റ് വിദ്യാർത്ഥികൾക്ക് ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി വിദ്യാർത്ഥികൾ ചികിത്സയിൽ കഴിയുന്ന എല്ലാ ആശുപത്രികളിലും പോയ ശേഷം ഇന്ന് വെളുപ്പിനുമാത്രമാണ് തിരിച്ചെത്തിയിട്ടുള്ളത്. വളരെ വേദനാ ജനകമായസംഭവമാണുണ്ടായത്. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന റോഡപ കടങ്ങളുടെ ഏറ്റവും ഒടുവിലത്തെ ഒരു സംഭവമായിട്ടാണ് ഇതിനെ കാണേണ്ടത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയ നോട്ടീ സിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇതുപോലുള്ള അപകട ങ്ങൾ ഒഴിവാക്കുന്നതിന് മനുഷ്യ സാധ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീക രിച്ചേ മതിയാകൂ. അവിടെ സൈൻബോർഡ് ഇല്ലായിരുന്നുവെന്ന് നോട്ടീസിന കത്ത് പറഞ്ഞിട്ടുള്ള കാര്യം ശരിയാണ്. അതുപോലുള്ള കുറവുകൾ നമുക്ക് പരിഹരിക്കേണ്ടതുണ്ട്. അത് പൂർണ്ണമായിട്ടും ഉൾക്കൊണ്ടുകൊണ്ട് ഈ ഗുരുതരമായ അപകടത്തിൽ മരണപ്പെട്ട, പരിക്ക് പറ്റിയ ആ സാഹചര്യം അതിനോടുള്ള എല്ലാ വിധത്തിലുള്ള വികാരങ്ങളോടും പങ്കുചേരുന്നു. ഗവൺമെന്റിന് സാധ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇനിയും ചെയ്യുമെന്ന് മാത്രം പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, ഇവിടെ മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളെല്ലാം നിർവ്വഹിക്കുവാൻ അവിടത്തെ ജനങ്ങളും രാജാക്കാട് പഞ്ചാ യത്ത് പ്രസിഡന്റ് ദേവിലാൽ, എല്ലാ ജനപ്രതിനിധികൾ, എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ അവിടത്തെ ബഹുജനങ്ങൾ എല്ലാവരും വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതുകൊണ്ടാണ് മരണസംഖ്യ ഇത്രയും കുറയാൻ ഇടയായത്. ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത് രണ്ടുമൂന്ന് പ്രശ്നങ്ങളാണ്.

അതിൽ സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ അവസാന വർഷ ബി.ടെക് വിദ്യാർത്ഥികളാണ് ഈ യാത്ര പോയത്. ഏക ദേശം 100 അടിയോളം താഴ്ചയിലേയ്ക്കാണ് ഈ ബസ്സ് മറിയുന്നത്. അതിന് തൊട്ടുപുറകെ വന്ന വാഹനത്തിലെ ആളുകളാണ് രക്ഷാപ്രവർത്തനങ്ങൾ ആദ്യം തുടങ്ങുന്നത്. അവിടെ വിഘ്നേശ്, ജിതിൻ ജോൺ, ഹേമന്ത്കുമാർ, ശരത്ചന്ദ്രൻ, ഷൈജു, മഞ്ജു, ശ്രീജേഷ്, തുടങ്ങിയിട്ടുള്ളവരും പിന്നെ അവ രുടെ ഒരു സഹായിയുമാണ് മരണമടഞ്ഞത്. ഇത്രയും ആളുകൾ മരിക്കാനിട യായ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നു പറയുന്നത് അവിടെ സൈൻബോർഡില്ലായിരുന്നുവെന്നുള്ളതാണ്. നമ്മൾ ഇതിനെ സംബന്ധിച്ച് പറയുമ്പോൾ ശ്രീ. ജഗതി ശ്രീകുമാർ ഇത്രയും ഗുരുതരമായ അപകട ത്തിൽപ്പെട്ടത് സൈൻബോർഡ് ഇല്ലാത്തതുകൊണ്ടാണ്. മരണത്തിൽ നിന്നും അത്യപൂർവ്വമായി രക്ഷപ്പെട്ടയൊരാളാണ്. ഈ സംഭവങ്ങൾ പരിഹരിക്കു മെന്ന് അന്ന് പറഞ്ഞ് പ്രസ്താവനകളൊക്കെ വന്നെങ്കിൽപോലും ഇതുവീണ്ടും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. ഇടുക്കി ജില്ലയെ സം ബന്ധിച്ച് പറയുമ്പോൾ അടിമാലി താലൂക്ക് ആശുപത്രിയിൽ രോഗി കളെത്തുന്ന സന്ദർഭത്തിൽ ആവശ്യമുള്ള ഡോക്ടർമാരുടെ പകുതി സ്ട്രെങ്ത് പോലുമില്ല. അവിടെ ഒരു ആംബുലൻസില്ല. നെടുങ്കണ്ടം താലൂ ക്കാശുപത്രിയിലും ആംബുലൻസില്ല. സ്ട്രെങ്തനുസരിച്ചുള്ള ഡോക്ടർമാ രിൽ പകുതിപോലുമില്ല. മിക്കവാറും ഇടുക്കി ജില്ലയുടെ മൊത്തം സ്ഥിതി ഇതാണ്. ഇത്തരത്തിലുള്ള ഏതെങ്കിലും ഒരപകടം ഉണ്ടാകുമ്പോൾ ഒന്നു കിൽ കോട്ടയം മെഡിക്കൽ കോളേജിലോ അല്ലെങ്കിൽ കോലഞ്ചേരി മെഡി ക്കൽ കോളേജിലോ പോകേണ്ട സ്ഥിതി കൂടുതൽ മരണത്തിനിടയാകു

ന്നുണ്ട് എന്നുള്ള ഗൗരവമായ പ്രശ്നമാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തുന്നത്. ഈ പ്രശ്നം ഏതെങ്കിലും ഒരു സന്ദർഭത്തിൽ മാത്രമല്ല, എപ്പോഴും ഇടുക്കിജില്ലയിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന പ്രശ്നമാണ്. ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്നതും ഇടുക്കി ജില്ലയിലാണെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ഗൗരവമായി എടുക്കേണ്ട മറ്റൊരു പ്രശ്നം കോളേജ് പ്രിൻസിപ്പാൾ എടുത്തിട്ടുള്ള സമീപനമാണ്. ഈ സംഭവമുണ്ടായി കുട്ടികൾ മരണമടഞ്ഞു എന്ന വാർത്തകൾ വന്നുകൊണ്ടിരി ക്കുമ്പോൾ കോളേജ് അധികൃതരുടെ അംഗീകാരത്തോടുകൂടിയല്ല വിനോദ യാത്ര പോയിട്ടുള്ളത് എന്നാണ് കോളേജ് പ്രിൻസിപ്പാൾ പറഞ്ഞത്. ഇത് മനുഷ്യത്വരഹിതം മാത്രമല്ല ചില സ്വാശ്രയ മാനേജുമെന്റുകൾ കുട്ടികളോ ടെടുക്കുന്ന സമീപനത്തിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ് ഈ പ്രിൻസി പ്പാൾ എന്നുപറയുന്നത്. ആളുകൾ കൂട്ടമായി മരിക്കുക, നിരവധി പേർ പരിക്കുപറ്റി നിരവധി ആശുപത്രികളിൽ കിടക്കുക ഇത്തരമൊരു സന്ദർഭത്തി ലാണ് മീഡിയാക്കാരുമായി ഈ പ്രശ്നം കോളേജ് പ്രിൻസിപ്പാൾ ചർച്ച ചെയ്തത് നിരുത്തരവാദപരമാണെന്നു മാത്രമല്ല അദ്ദേഹത്തിന്റെ പേരിൽ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 2007-ലെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത് ഇതുപോലൊരു ദുരന്തം ഉണ്ടായതിനുശേഷം ഗവൺമെന്റ് ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. ആ ഓർഡറിൽപറയുന്ന 16 നിർദ്ദേശങ്ങളിൽ ഒന്നുപോലും പാലിക്കാൻ ഈ കോളേജ് മാനേജ്മെന്റ് തയ്യാറായിട്ടില്ല. അവരുടെ കോളേജ് മുറ്റത്തുനിന്നാണ് ഈ ബസ്സ് പുറപ്പെട്ടിരിക്കുന്നത്. ഒരു സഹായിയെ, ഒരു അദ്ധ്യാപകനെ ഒപ്പം അയയ്ക്കണമെന്ന് ഓർഡറിൽ പ്രത്യേകം പറയുന്നുണ്ട്. ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ പ്രത്യേക നിർദ്ദേശവുമുണ്ട്. ഇതൊന്നും പാലിക്കാതെ ഇത്തരമൊരു സംഭവമുണ്ടായപ്പോൾ അതിനോട് അങ്ങേയറ്റം നിരുത്തരവാദപരമായി എന്നുമാത്രമല്ല മനുഷ്യത്വരഹിതവും ഹീനവുമായ ഒരു സമീപനമാണ് കോളേജ് പ്രിൻസിപ്പാൾ സ്വികരിച്ചിരിക്കുന്നത് ഗവൺമെന്റ് ഇത് ഗൗരവമായി കാണേണ്ട പ്രശ്നമാണ്. വിദ്യാർത്ഥികൾ ഇത്തരമൊരു യാത്രയ്ക്കുപോകുമ്പോൾ അവർക്ക് പരിരക്ഷ കൊടുക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്തം മാനേജ്മെന്റിനാണ്. സിംല തുടങ്ങിയ സംസ്ഥാനങ്ങളിൽ യാത്ര പോകുന്നവരുടെ പേരും അഡ്രസ്സുമെല്ലാം മുൻകൂട്ടി പോലീസ് ഡിപ്പാർട്ടുമെന്റിനെ ഏല്പ്പിച്ചിട്ടുപോകുന്ന സ്ഥിതിയുണ്ട്. അപകടം സംഭവിച്ചുകഴിഞ്ഞശേഷം ഞാൻ ജില്ലാ കളക്ടറുമായി ബന്ധപ്പെടുന്ന സമയത്ത് ഇവരുടെ അഡ്രസ്സ് പോലും കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണ്. കോളേജിൽ വിളിച്ചുചോദിക്കുമ്പോൾ ഞങ്ങൾക്കൊന്നും അറിയില്ലെന്നാണ് പറയുന്നത്. ഇത്തരത്തിലുള്ള സ്ഥിതിയാണുണ്ടായിരുന്നത്. ഇവിടെ ബഹു. മുഖ്യമന്ത്രി പറഞ്ഞതുപോലെ ആരോഗ്യ വകുപ്പുമന്ത്രി സംഭവസ്ഥലം സന്ദർശിക്കുകയും പരമാവധി ആശ്വാസം നല്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഞാനും ശ്രീ. എസ്. രാജേന്ദ്രനും ഇവിടെ നിന്ന് പോയിരുന്നു. അപകടത്തിൽപ്പെട്ട കുട്ടികളെ കൊണ്ടുപോയ ആശുപത്രികൾ സന്ദർശിക്കുകയും കുട്ടികളെ കാണുവാനും ആശ്വാസം എത്തിക്കാനും ഞങ്ങൾ പരമാവധി ശ്രമിക്കുകയുണ്ടായി. ജനപ്രതിനിധികളും ഗവൺമെന്റും പോലീസും ഫയർഫോഴ്സും ഡി.എം.ഒ.–യുടെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘവും റവന്യൂ ഡിപ്പാർട്ടുമെന്റുമെല്ലാം അപകടസ്ഥലത്ത് ഓടിയെത്തുകയും വളരെ ഗൗരവമായി ആശ്വാസ നടപടികളും ജീവൻരക്ഷാ പ്രവർത്തനങ്ങളും നടത്തുമ്പോഴാണ് പ്രിൻസിപ്പലിന്റെ ഈ പ്രഖ്യാപനമെന്നുള്ളത്

അങ്ങേയറ്റം ഗൗരവത്തോടുകൂടി കാണേണ്ട വിഷയമാണ്. മരിച്ച കുട്ടികളോടും അവരുടെ ബന്ധുക്കളോടുമുള്ള ആദരാഞ്ജലിയും അനുശോചനവും നമ്മൾ ഇവിടെ അർപ്പിച്ചുകഴിഞ്ഞു. അവരുടെ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം നല്കേണ്ടതുണ്ട്. പരിക്കുപറ്റിയ കുട്ടികളുടെ ജീവനും ആരോഗ്യവും വീണ്ടെടുക്കാനുള്ള ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങൾക്കുകൂടി അങ്ങ് മറുപടി പറയണമെന്നാണ് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്. മരിച്ചവർക്ക് മതിയായ നഷ്ടപരിഹാരം ഗവൺമെന്റ് നല്കണം. അപകടമുണ്ടാകുമ്പോൾ നമ്മൾ വളരെയധികം തീരുമാനങ്ങൾ എടുക്കുന്നുണ്ട്. ഞാൻ ഒരു ഗവൺമെന്റിനേയും ഉദ്ദേശിച്ചല്ല, എന്റെ ഇതുവരെയുള്ള അനുഭവംകൊണ്ട് പറയുകയാണ്. അപകടമുണ്ടാകുമ്പോൾ എല്ലാവരും ഓടിക്കൂടും ഒട്ടേറെ തീരുമാനങ്ങൾ എടുക്കും. പിന്നീട് ആ തീരുമാനങ്ങൾ മന്ത്രിമാരും എം.എൽ.എ.-മാരുമുൾപ്പെടെയുള്ളവർ ലംഘിക്കുന്ന അവസ്ഥയാണ് കാണുന്നത്. മാതൃകാപരമായ അത്തരം തീരുമാനങ്ങൾ നടപ്പിലാക്കാൻ നമ്മൾതന്നെ ജാഗ്രതയോടുകൂടി ശ്രമിക്കേണ്ടതുണ്ട് എന്നുള്ള കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഈ കുട്ടികളുടെ ദാരുണമായ അന്ത്യത്തിൽ ഒരിക്കൽകൂടി അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം മരണമടഞ്ഞ കുട്ടികൾക്ക് മതിയായ സാമ്പത്തിക നഷ്ടപരിഹാരം ഗവൺമെന്റ് നല്കണമെന്നാവശ്യപ്പെടുന്നു. അതോടൊപ്പം ചികിത്സയിൽ കഴിയുന്നവരുടെ ജീവൻ വീണ്ടെടുക്കുന്നതിന്റെ ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, ഇന്നലെ ഈ അപകട വാർത്ത അറിഞ്ഞ യുടൻ ഞാൻ ആശുപത്രി സന്ദർശിക്കുകയുണ്ടായി. ഇവിടെ ബഹു. എം. എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ അപടകമുണ്ടായ സമയത്തുതന്നെ അവി ടത്തെ എം.പി.-യും എം.എൽ.എ.-യും മറ്റ് പൊതുപ്രവർത്തകരും വിവിധ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുൾപ്പെടെ എല്ലാവരും വളരെ ആത്മാർത്ഥ മായ പരിശ്രമം നടത്തിയതുകൊണ്ടാണ് ഈ അപകടത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിഞ്ഞത്. എന്നിരുന്നാലും ആ സയമത്തുതന്നെ ഏഴ് വിദ്യാർത്ഥികളും ഡ്രൈവറുടെ ഒരു സഹായിയും മരണപ്പെടുകയുണ്ടായി. ഞാൻ അടിമാലി താലൂക്ക് ആശുപത്രി സന്ദർശിച്ചപ്പോൾ മൂന്നു കുട്ടികളാണ് ചികിത്സയിൽ ഉണ്ടായിരുന്നത്. ഒരു കുട്ടിയെ ഇന്നലെത്തന്നെ അവിടെ നിന്ന് ഡിസ്ചാർജ് ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ അടിമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ 6 കുട്ടികൾ ചികിത്സയിലുണ്ട്. കോലഞ്ചേരി മെഡിക്കൽ കോളേജിൽ 15 കുട്ടികളെയാണ് അഡ്മിറ്റ് ചെയ്തത്. അതിൽ ഒരു കുട്ടി മരണപ്പെട്ടു. ബാക്കി കുട്ടികൾ ചികിത്സയിലാണ്. ഒരു ആൺകു ട്ടിയുടെ നട്ടെല്ലിന് ഫ്രാക്ചർ ഉണ്ടായി കാലുകൾ അനക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. ഇവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ അപകടമുണ്ടായ സാഹചര്യത്തിൽ എറണാകുളം ജനറൽ ഹോസ്പിറ്റൽ, മൂവാറ്റുപുഴ താലുക്ക് ആശുപത്രി, പെരുമ്പാവൂർ ആശുപത്രി എന്നിവിടങ്ങളിൽനിന്ന് മൂന്ന് മെഡിക്കൽ ടീമിനെ അപ്പോൾത്തന്നെ അടിമാലി താലൂക്ക് ആശുപത്രിയി

ലേയ്ക്ക് അയയ്ക്കുകയുണ്ടായി. പക്ഷേ ഈ മെഡിക്കൽ ടീം അവിടെ എത്തുമ്പോൾ അടിമാലി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ ലഭ്യമാകുന്ന എല്ലാ ചികിത്സയും നൽകിക്കഴിഞ്ഞു. ഇവരുടെ സഹായം ആവശ്യമില്ലാത്ത സാഹചര്യമായതുകൊണ്ട് ഈ മെഡിക്കൽ ടീം തിരിച്ചു പോന്നു. അതുപോലെതന്നെ കോട്ടയം മെഡിക്കൽ കോളേജിൽ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിരുന്നു. മരണപ്പെട്ട കുട്ടികളുടെ പോസ്റ്റ്മോർട്ടം അപ്പോൾത്തന്നെ ചെയ്യുന്നതിനും മൃതശരീരം വീടുകളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾ എത്തുന്നതിനനുസരിച്ച് 10 മണിയോടുകൂടി എല്ലാ കുട്ടി കളുടെയും ബോഡി വീടുകളിൽ എത്തിക്കുന്നതിന് കഴിഞ്ഞു. ഒരു ആംബുലൻസും ഒരു പോലീസ് എസ്കോർട്ടോടുംകൂടിയാണ് മൃതശരീര ങ്ങൾ വീടുകളിൽ എത്തിച്ചത്. ഈ അപകടം സംഭവിക്കാനുള്ള പ്രധാന കാരണം ഇവർ യാത്ര ചെയ്തിരുന്ന കൊടൈക്കനാലിൽ നിന്നും മൂന്നാറി ലേയ്ക്ക് പോകുന്ന വഴിയിൽനിന്ന് രാജാക്കാട് എന്ന പ്രദേശത്തേയ്ക്ക് റൂട്ട് മാറ്റി വിടുകയായിരുന്നു. ഒരുപക്ഷെ ഡ്രൈവർമാർ സ്ഥിരമായി പോകുന്ന റൂട്ടല്ല എന്നുള്ളതുകൊണ്ടായിരിക്കാം അപകടം ഉണ്ടായത്. വലിയ ഒരു ഇറക്കവും 'എസ്' പോലെയുള്ള കൊടും വളവുമാണ് ഇവിടെയുള്ളത്. വളരെ വീതിയുള്ളതും നല്ല രീതിയിൽ മെയിന്റനൻസ് നടത്തിയിട്ടുള്ള ഏറ്റവും ഭംഗിയായ റോഡാണ്. ചെറിയ ഒരാപകതയുള്ളത് അവിടെ സിഗ്നൽസില്ലായെന്നുള്ളതാണ്. ഞാൻ ഇന്നലെത്തന്നെ ബഹു. മുഖ്യമന്ത്രി യോടും പൊതുമരാമത്ത് വകുപ്പുമന്ത്രിയോടും ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. സ്ഥലത്തെക്കുറിച്ചുള്ള ഡ്രൈവറുടെ പരിചയക്കുറവാണ്

ഇത്തരത്തിലുള്ള ഒരു അപകടം സംഭവിക്കാനിടയായതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതോടൊപ്പംതന്നെ താലൂക്ക് ആശുപത്രിയുടെ കാര്യം ബഹു. എം.എൽ.എ. ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് താലൂക്ക് ആശുപത്രിയായി ഉയർത്തിയതാണ്. ആവശ്യത്തിനുള്ള സ്റ്റാഫിനെ നിയമിക്കാതിരുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ ഡോക്ടർമാരുടെ ഒഴിവുകൾ പരമാവധി നികത്തിയിട്ടുണ്ട്. ഇപ്പോൾ ഒന്നു രണ്ട് ഡോക്ടർമാരുടെ ഒഴിവുകൾ മാത്രമേയുള്ളൂ. അത് നികത്തുന്നതിനു വേണ്ടി കൗൺസിലിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ അവിടത്തെ എം.പി.-യും എം.എൽ.എ.-യും ഈ വിഷയം ചൂണ്ടിക്കാണിച്ചു. താലൂക്ക് ആശുപത്രിക്കുവേണ്ടുന്ന സ്റ്റാഫ് സ്ട്രെങ്ത് ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം അവിടെ ഒരു പുതിയ എക്സ്-റേ യൂണിറ്റ് നൽകണമെന്ന് പറഞ്ഞു, അത് നല്കാമെന്നുള്ള ഉറപ്പ് കൊടുത്തിരുന്നു. അതിനുവേണ്ട നടപടികൾ സ്വീകരിക്കും. ആ പ്രദേശത്തുള്ള പ്രധാനപ്പെട്ട ഒരു ഗവൺമെന്റ് ആശുപത്രിയാണിത്. അവിടെ ലാബ് സൗകര്യം 5 മണിവരെ മാത്രമേയുള്ളൂ. അത് 8 മണിവരെ ആക്കുന്നതിന് രണ്ട് ലാബ് ടെക്നീഷ്യൻസിനെക്കൂടി നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ആംബുലൻസ് ഉണ്ട്. എന്തായാലും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ താലൂക്ക് ആശുപത്രിയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ചികിത്സാചെലവുമുഴുവനും ഗവൺമെന്റ് സൗജന്യമായി നല്കും. പ്രൈവറ്റ് ഹോസ്പിറ്റലിൽ കിടത്തി ചികിത്സിക്കുന്ന കുട്ടികളുടെ ചികിത്സാചെലവും ഗവൺമെന്റ് നല്കുന്ന

താണ്. വളരെ ഫലപ്രദമായ രീതിയിൽ ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ നല്ല രീതിയിൽ പ്രവർത്തിച്ചതുകൊണ്ടാണ് ഈ അപകടത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിഞ്ഞത്. എല്ലാ തരത്തിലുള്ള വിദഗ്ദ്ധ ചികിത്സയും കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്.

മി. സ്പീക്കർ: എന്റെ നിയോജക മണ്ഡലത്തിൽ വെള്ളനാട് പഞ്ചായത്തിലാണ് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി. ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞ ഒരു കാര്യത്തോട് പൂർണ്ണമായും ചെയർ യോജിക്കുന്നു. ഈ ദുരന്തമുണ്ടായ ഉടൻതന്നെ അന്വേഷിച്ചപ്പോൾ കുട്ടികളെല്ലാം അവിടെയാണ്, ഇവിടെ ഒന്നും ചെയ്യേണ്ടതില്ല എന്ന വിവരമാണ് ലഭിച്ചത്. ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞുപോലെ, പ്രിൻസിപ്പാളിന്റെ പൂർണ്ണമായ അഹങ്കാരം നിറഞ്ഞ ഭാഷയിലെ പ്രതികരണം വളരെ ഞെട്ടിപ്പിച്ചതാണ്. ചെയർ ഒരു വിവരം പറഞ്ഞതാണ്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി പറയുന്നതാണ്. അങ്ങനെയൊന്നും ഒരു കോളേജിലെയും പ്രിൻസിപ്പാൾ പറയാൻ പാടില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും കെ.കെ. ജയചന്ദ്രനും സൂചിപ്പിച്ചത്, അവിടെ ചികിത്സയ്ക്ക് വേണ്ടി എല്ലാ ജനവിഭാഗങ്ങളും ഓടിയെത്തുകയും ചികിത്സാകാര്യത്തിലും അതല്ലെങ്കിൽ സഹായിക്കുന്നതിനുവേണ്ടിയും ജനങ്ങൾ കാത്തുകെട്ടി നിൽക്കുന്നുണ്ട്. ഇതൊന്നും ഞങ്ങൾക്ക് അറിയില്ലെന്നും ഞങ്ങളുടെ അറിവോടുകൂടിയല്ലെന്നുമാണ് കോളേജ് പ്രിൻസിപ്പാൾ പറയുന്നത് എല്ലാ ചാനലുകളിലും കാണിച്ചതാണ്. ഒരു പക്ഷെ കോളേജിന്റെ അറിവില്ലാതെയായിരിക്കാം കുട്ടികൾ വിനോദയാത്ര പോയത്. പക്ഷേ ഒരപകടം സംഭവിച്ചപ്പോൾ ആ സന്ദർഭത്തിൽ കോളേജിന്റെ നാഥനായ പ്രിൻസിപ്പാൾ ഇത്തരം ഭാഷയിൽ സംസാരിച്ചത് അപകടം സംഭവിച്ച കുടുംബങ്ങളുടെ ദു:ഖത്തിന്റെ തീവ്രതയെ

വർദ്ധിപ്പിക്കുന്നതായിരുന്നു. ഗവൺമെന്റ് ഈ കാര്യത്തെ ഗൗരവമായി കാണണമെന്നാണ് ചെയറിന് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രിൻസിപ്പാളിന്റെ അഭിപ്രായ ത്തോട് അങ്ങ് പറഞ്ഞ വികാരം ഞാൻ പൂർണ്ണമായും മനസ്സിലാക്കുന്നു. ഇത്രയും ദു:ഖകരമായ ഒരു സംഭവമുണ്ടാകുമ്പോൾ അതിൽ പങ്കുചേർന്ന്, അതിൽ എങ്ങനെ ആ തീവ്രതകുറയ്ക്കാമെന്ന് ചിന്തിക്കുന്നതിന് പകരം ആ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിന്, ഞങ്ങൾക്ക് ഇതിൽ പങ്കില്ല എന്നുള്ള രീതിയിൽ പറഞ്ഞ ആ സമീപനം വളരെ തെറ്റായിപ്പോയി. ശ്രീ. കെ. കെ. ജയചന്ദ്രൻ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ഗവൺമെന്റ് പൂർണ്ണമായും അംഗീകരിക്കുകയാണ്. ആ സംഭവം നടക്കുന്ന അവസരത്തിൽ എല്ലാവരും ഒരുപോലെ നിന്നു പ്രവർത്തിച്ചു. അതുകൊണ്ടാണ് അപകടത്തിന്റെ തീവ്രതകുറേയെങ്കിലും കുറയ്ക്കാൻ സാധിച്ചത്. രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാവരോടും നന്ദി പറയാൻ ഞാൻ ഈ അവസരം വിനിയോഗി ക്കുന്നു. പരിക്കുപറ്റിയവരുടെ ചികിത്സയെ സംബന്ധിച്ച് ഇന്നലെതന്നെ വ്യ ക്തമായ നിർദ്ദേശം കൊടുത്തിരുന്നു. ആരോഗ്യ വകുപ്പുമന്ത്രി ആ സ്ഥലത്തു പോയി നേരിട്ട് നേതൃത്വം കൊടുത്തതും അതാണ്. അവരുടെ ബന്ധുക്കളാവ ശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്ക് മാറ്റാനും ഏറ്റവും മെച്ചപ്പെട്ട ചികിത്സ നട ത്തുന്നതിനുള്ള ചെലവ് ഗവൺമെന്റ് വഹിക്കുന്നതിന് നിർദ്ദേശം കൊടുത്തി ട്ടുണ്ട്. അക്കാര്യത്തിൽ ഒരു കുറവും ഉണ്ടാകില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹി ക്കുകയാണ്. ഇതുപോലുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ വേണ്ടി കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്. അതിൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നുള്ളത് ഗതാഗതം, ആഭ്യന്തരം, പൊതുമരാമത്ത് എന്നീ മൂന്ന് ഡിപ്പാർട്ടുമെന്റുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി അതിനാവ

ശ്യമായ നടപടികളും റോഡ് സേഫ്റ്റി സംബന്ധിച്ചുള്ള കാര്യങ്ങളിലും വാഹന പരിശോധനയിൽ വരുത്തേണ്ട മാറ്റങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതാണ്. വാഹനത്തെ സംബന്ധിച്ച് എനിക്ക് കിട്ടിയ വിവരമെന്ന് പറയുന്നത് ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ള 2009 മോഡൽ വണ്ടിയാണ്. എന്നാലും മോട്ടോർ വെഹിക്കിൾസും പൊതുമരാമത്തും ആഭ്യന്തരവും മൂന്ന് വിഭാഗങ്ങൾ കൂടിയുള്ള ഒരു കോ-ഓർഡിനേഷനാണ് അപകടങ്ങൾ കുറയ്ക്കുന്നതിന് ഏറ്റവും ആവശ്യമായുള്ളത്. ഈ അപകടത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകമായ നടപടി സ്വീകരിക്കുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അങ്ങ് പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ആ കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളത് പ്രത്യേകം പരിശോധിക്കുന്നതാണ്. ഈ കാര്യത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, സാമ്പത്തിക സഹായം കൊടുക്കുന്നതിനെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ചികിത്സാചെലവ് മുഴുവനും ഗവൺമെന്റ് വഹിക്കുന്നതാണ്. മരിച്ചവർക്ക് എന്തുവിധത്തിലുള്ള സഹായം കൊടുക്കണമെന്നുള്ളത് ഗവൺമെന്റ് ആലോചിച്ച് തീരുമാനിക്കുന്നതാണ്. ഇന്നലെതന്നെ ആരോഗ്യവകുപ്പുമന്ത്രി അവിടെ വച്ച് സാമ്പത്തിക സഹായം കൊടുക്കുന്ന കാര്യം പറഞ്ഞിരുന്നു. ബുധനാഴ്ചത്തെ ക്യാബിനറ്റിൽ ആ കാര്യത്തെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രി ഈ കാര്യത്തിൽ പ്രദർശിപ്പിച്ച മനോഭാവത്തോടുള്ള ആദരവ് അംഗീകരിച്ചു കൊണ്ട് ഇതനുസരിച്ച് നഷ്ടപരിഹാരത്തിന്റെ കാര്യവും അതുപോലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വണ്ടിയുടെ കാര്യത്തിലുമാണ് നോക്കിയത്. ഡ്രൈവർമാർക്ക് ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണ്ടതുണ്ട്. എന്താണെന്നു വച്ചാൽ ദേവികുളത്തും രാജാക്കാടും പോലുള്ള സ്ഥലത്ത് ബോർഡ് വച്ചാൽ മാത്രം പോര, റോഡിന്റെ വളവുകളെ സംബന്ധിച്ച് ഡ്രൈവർമാർക്ക് ഓടിച്ച് പരിചയം വേണം. ഡ്രൈവർമാർക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന കാര്യം പ്രത്യേക ജാഗ്രതയോടുകൂടിയുള്ള നിർദ്ദേശത്തിൽപ്പെടേണ്ടതാണ് എന്നുകൂടി ഞാൻ അറിയിക്കുന്നു.

(ശ്രദ്ധ ക്ഷണിക്കൽ)